I/442737/2023

LCO/3462/2022-PR(1)

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ്ഭവൻ.പി.ഒ
തിരുവനന്തപുരം, തീയതി: 07-08-2023

–

## ക്വട്ടേഷൻ നോട്ടീസ്

2023 വർഷത്തെ ഓണാഘോഷത്തിന്റെ ഭാഗമായുള്ള ഘോഷയാത്രയിൽ സംസ്ഥാന തൊഴിൽ വകുപ്പ് അവതരിപ്പിക്കുന്ന ഫ്ലോട്ട് തയ്യാറാക്കുന്നതിന് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്-ന്റെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഫ്ലോട്ട് നിർമ്മാണത്തിൽ മുൻപരിചയം ഉള്ളവർക്കും മുൻഗണന നൽകിക്കൊണ്ട് സേവന ദാതാക്കളിൽ നിന്നും സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു. 18 അടി നീളം, റോഡിൽ നിന്നും 16 അടി ഉയരം, പത്ത് അടി വീതി എന്ന പരമാവധി അളവിലാണ് ഫ്ലോട്ട് നിർമ്മിക്കേണ്ടത്. ഇപ്രകാരമുള്ള ഫ്ലോട്ടിന്റെ നിർമ്മാണത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമുണ്ടാകുന്ന ചെലവ് ഇനം തിരിച്ച് ക്വട്ടേഷനിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

- തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളായ കർമ്മചാരി, കേരള സവാരി, വികസന സൗഹൃദ തൊഴിലിട സംസ്കാരം എന്നീ വിഷയങ്ങളിൽ മൂന്നു ക്വട്ടേഷനുകൾ സമർപ്പിക്കുക.
- ഒരു ഏജൻസിക്ക് ഒന്നിലധികം ഡിസൈനുകൾ സമർപ്പിക്കാവുന്നതാണ്.
- ഒറിജിനൽ കളറിൽ തന്നെയാകണം ഡിസൈനുകൾ അവതരിപ്പിക്കേണ്ടത്.
- ക്വട്ടേഷൻ ഉറപ്പിക്കുന്ന ഏജൻസി ഫ്ലോട്ട് തൃപ്തികരമായി സജ്ജീകരിച്ച് നൽകേണ്ടതാണ്.
- പരിസ്ഥിതി സൗഹൃദ മെറ്റീരിയലുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.
- ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 11/08/2023 വൈകീട്ട് 3 മണി.
- 11 /08/2023 വൈകീട്ട് 3 മണിയ്ക്ക് ശേഷം പ്രസ്തുത ലേബർ കമ്മീഷണറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് ഹാജരുള്ള സേവനദാതാക്കളുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും അന്നേ ദിവസം ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവർ വിഷയങ്ങൾക്ക് ആസ്പദമായി രൂപകല്പന ചെയ്തിട്ടുള്ള ഫ്ലോട്ടിന്റെ മാതൃക സമർപ്പിക്കേണ്ടതാണ്

ക്വട്ടേഷനുകളും മാതൃകകളും പരിശോധിച്ച് ഉചിതമായവ തെരഞ്ഞെടുത്തുകൊണ്ടുള്ള ക്വട്ടേഷനിലെ അന്തിമ തീർപ്പ് ലേബർ കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും.

LABOUR COMMISSIONER

ക്വട്ടേഷനുകൾ അയയ്ക്കേണ്ട വിലാസം

ലേബർ കമ്മീഷണർ
തൊഴിൽ ഭവൻ
വികാസ്ഭവൻ.പി.ഒ
തിരുവനന്തപുരം
കൂടുതൽ വിവരങ്ങൾക്ക് :- Phone : 9745507225

E Mail.labourpublicity@gmail.com